"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനകാര്യം - കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് - ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങളിൽ മുൻഗണനാ വകുപ്പുകൾ സംബന്ധിച്ച നിബന്ധനകൾ - റദ്ദ് ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(കൈ) നം.130/2026/GAD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:- സ.ഉ. (കൈ) നം. 96/2024/പൊ.ഭ.വ, തീയതി 13.08.2024.

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (ജൂനിയർ ടൈം സ്കെയിൽ) ഉദ്യോഗസ്ഥരുടെ സേവനം വിവിധ സർക്കാർ വകുപ്പുകളിൽ കാര്യക്ഷമമായി വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശിത ഉത്തരവ് പ്രകാരം സ്ഥലംമാറ്റ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ 2 മുതൽ 4 വരെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സെക്രട്ടറിയേറ്റ്, റവന്യൂ വകുപ്പ്, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, സംയോജിത തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളെ മുൻഗണനാ വകുപ്പുകളായി നിഷ്കർഷിച്ചുകൊണ്ട് കെ.എ.എസ്. ഉദ്യോഗസ്ഥരെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമം അനുസരിച്ചു ടി വകുപ്പുകളിൽ നിയമിക്കുന്നതു സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

2. എന്നാൽ, നിശ്ചിത വകുപ്പുകളെ മാത്രം മുൻഗണനാ വകുപ്പുകളായി നിശ്ചയിക്കുന്നതും ടി വകുപ്പുകളിലെ തസ്തികകളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉദ്യോഗസ്ഥർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതും കെ.എ.എസ്. സർവീസിന്റെ അന്തസ്സത്തയ്ക്കും, രൂപീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾക്കും വിരുദ്ധമാണെന്ന് സർക്കാർ വിലയിരുത്തുന്നു. ഭരണസംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും കെ.എ.എസ്. ഉദ്യോഗസ്ഥരുടെ വൈദഗ്ധ്യം വിവേചനമില്ലാതെ എല്ലാ വകുപ്പുകളിലും ജില്ലകളിലും ഒരുപോലെ ലഭ്യമാക്കുന്നതിനും, കെ.എ.എസ്. ചട്ടങ്ങൾ 2018-ലെ ഷെഡ്യൂൾ I-ൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ വകുപ്പുകളിലും ഉദ്യോഗസ്ഥർക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ ഭരണപരിചയം ലഭ്യമാക്കേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായം ഉയർന്ന് വന്നിട്ടുള്ളത് പരിഗണിക്കേണ്ടതാണെന്നും വിലയിരുത്തപ്പെടുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശ ഉത്തരവിലെ 2, 3, 4, 8 എന്നീ മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തരമായി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതികളോടെ പരാമർശ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും/വകുപ്പുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരളം, തിരുവനന്തപുരം.
പൊതുഭരണ (ഇ- അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Vincent U
Date: 21-08-2026
17:31:19
സെക്ഷൻ ഓഫീസർ

പകർപ്പ് -

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ.-യ്ക്ക്